# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 282      10/06/2013-ൽ മറുപടിക്ക്

## ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ എത്ര രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപയാണ് പാലക്കാട് ജില്ലക്കും, അട്ടപ്പാടി മേഖലക്കും അനുവദിച്ചിട്ടുള്ളത്; | എ | 148 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയ്ക്ക് (അട്ടപ്പാടി ഉൾപ്പെടെ) 16 കോടി രൂപയാണ് ഇതിൽനിന്നും നീക്കിവച്ചിട്ടുള്ളത്. അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി തുക അനുവദിച്ചിട്ടില്ല. |
| ബി | അട്ടപ്പാടി മേഖലയിലെ ഏതെല്ലാം ഗോത്ര വിഭാഗങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; ഇവരുടെ ജനസംഖ്യ എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇവരുടെ ഊരുകൾ ഏതൊക്കെയാണ്; | ബി | അട്ടപ്പാടി മേഖലയിലെ കുറുമ്പർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. അട്ടപ്പാടി മേഖലയിലെ 19 ഊരുകളിലെ 594 കുടുംബങ്ങളിലായി 2402 അംഗങ്ങളാണ് ഉള്ളത്. അട്ടപ്പാടി മേഖലയിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന ഊരുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി | പ്രസ്തുത ഗോത്രവിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് വിശദമാക്കുമോ? | സി | 2013 മാർച്ചിലാണ് പദ്ധതികൾ തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. അതനുസരിച്ച് താഴെ പറയുന്ന പദ്ധതികൾ ഈ വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം, വീടുകളുടെ അറ്റകുറ്റപ്പണി, ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം, കുടിവെള്ള പദ്ധതി, ഊരുകൂട്ട ശാക്തീകരണം, റോഡ് നിർമ്മാണം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ട്രൈബൽ പ്രൊമോട്ടർമാർ, ആരോഗ്യ വിദ്യാഭ്യാസ പരിപാടി, പ്രത്യേക അംഗൻവാടികളും ഏകാധ്യാപക സ്കൂളുകളും, ആവശ്യമായ മരുന്നുകളുടെ വിതരണം മുതലായവയാണ് പദ്ധതികൾ. |

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി അരി 25 കിലോ, ചെറുപയർ 2 കിലോ, കടല 2 കിലോ, വൻപയർ 2 കിലോ, വെളിച്ചെണ്ണ 2 കിലോ, ചായപ്പൊടി 1 കിലോ, പഞ്ചസാര 2 കിലോ എന്നിവ ഓരോ കുടുംബത്തിനും നിലവിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 18,99,992/- രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>ആനവായ് ഊരിലേക്ക് റോഡ് നിർമ്മാണത്തിനായി 965 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കിറ്റ്കോ തയ്യാറാക്കിയിട്ടുണ്ട്. ഭവനരഹിതരായ 137 കുടുംബങ്ങൾക്ക് പുതിയ വീട്, 283 വീടുകളുടെ അറ്റകുറ്റപ്പണി, 192 കുടുംബങ്ങൾക്ക് കക്കൂസ് എന്നിവ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനു പുറമെ അഹാഡ്സിന് അനുവദിച്ച 1 കോടി രൂപയിൽ നിന്നും 65,000/- രൂപ പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസലിന് (P.R.A) ആയി ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

-51-

## അനുബന്ധം

**ബി. അട്ടപ്പാടി മേഖലയിലെ പ്രത്യേക ദുർബ്ബല ഗോത്ര വർഗക്കാർ താമസിക്കുന്ന ഊരുകളുടെ ലിസ്റ്റ്**

1. ചിണ്ടക്കി
2. ഗലസി
3. തുടുക്കി
4. പൊട്ടിക്കൽ
5. കടുകുമണ്ണ്
6. ആനവായ്
7. തടിക്കുണ്ട്
8. കിണറ്റുകര
9. മുരുഗള
10. ഭൂതയാർ
11. പഴയൂർ
12. ഇടവാണി
13. ഊരടം
14. മേലെ മൂലക്കൊമ്പ്
15. പാലൂർ
16. ഡൊട്ടിയാർക്കണ്ടി
17. കുറത്തിക്കല്ല്
18. ആനക്കട്ടി
19. പാലപ്പട